**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- പുനർഗേഹം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച പൊന്നാനി ഫ്ലാറ്റിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനായി വൈദ്യുതി ചാർജ്ജ് ഇനത്തിൽ തുക അടയ്ക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**377/2026/F&P** തീയതി,തിരുവനന്തപുരം, **04-07-2026**

---

പരാമർശം:- 1. സ.ഉ(സാധാ) നം.**16/2023**/മതുവ തീയതി: **05/01/2023.**

2. സ.ഉ(സാധാ) നം.**281/2023**/മതുവ തീയതി: **27/04/2026.**

3. ഫിഷറീസ് ഡയറക്ടറുടെ **17/06/2026**-ലെ **DFTVM/818/2026-S3PIU** നമ്പർ കത്ത്.

**ഉത്തരവ്**

പൊന്നാനി പുനർഗേഹം ഫ്ലാറ്റിൽ സ്വീവേജ് ട്രീറ്റ്മെൻ്റ് പ്ലാൻ്റ് സ്ഥാപിക്കുന്നതിനായി **156.755** ലക്ഷം രൂപയുടെ ഭരണാനുമതി **4405-00-103-93 (P)** ശീർഷകത്തിൽ നിന്നും അനുവദിച്ച് പരാമർശം **(1)** പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് **(STP) 02.10.2025** മുതൽ പ്രവർത്തനം ആംഭിക്കുകയും, നിർമ്മാണ ഏജൻസിയായ **IRTC**-യ്ക്ക് **6** മാസത്തേക്ക് **(02.04.2026** വരെ) പരിപാലന ചുമതല നൽകുകയും ചെയ്തിരുന്നു. പ്ലാന്റിന്റെ വൈദ്യുതി കണക്ഷൻ ഫിഷറീസ് വകുപ്പിന്റെ പേരിലാണ് എടുത്തിട്ടുള്ളത്. ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളികൾക്ക് **Operation & Maintenance** ചെലവുകളും, വൈദ്യുതി ചാർജുകളും വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, പ്ലാൻ്റിൻ്റെ തുടർ പരിപാലനം നഗരസഭ പൊന്നാനി ഏറ്റെടുക്കേണ്ടതുണ്ട്.

**2)** തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാന്റിന്റെ പരിപാലനം ഔദ്യോഗികമായി ഏറ്റെടുക്കുന്നതുവരെയുള്ള കാലയളവിൽ പ്ലാന്റിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാനായി, പുനർഗേഹം പദ്ധതിയുടെ നിർവ്വഹണ ശീർഷകമായ **4405-00-103-89-00-34-03-P-V** യിൽ നിന്നും വൈദ്യുതി ചാർജ്ജ്

തുകയായ **1,32,903.14/-** (ഒരു ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി മൂന്ന് രൂപ പതിനാല് പൈസ മാത്രം) അടയ്ക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം **(2)** പ്രകാരം ഉത്തരവായിരുന്നു.

**3)** എന്നാൽ, ജൂൺ മാസത്തെ കടിശ്ശിക **30,471/-** രൂപയും, മുൻമാസങ്ങളിലെ കുടിശ്ശിക തുകയായ **1,45,532/-** രൂപയും, ഉൾപ്പെടെ ആകെ **1,76,003/-** രൂപ വൈദ്യുത ബിൽ കുടിശ്ശികയായി നിലവിൽ ഉണ്ടെന്ന് പരാമർശം **(3)** പ്രകാരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ പ്ലാൻ്റ് നഗരസഭ ഏറ്റെടുക്കുന്നതുവരെ **STP**-യുടെ തടസ്സമില്ലാത്ത പ്രവർത്തനം ഉറപ്പാക്കാൻ വൈദ്യുതി ബിൽ തുക അടക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണെന്നും, കുറച്ച് നേരത്തേക്ക് പോലും വൈദ്യുതി തടസ്സം മൂലം പ്രവർത്തനം നിലച്ചാൽ പ്ലാന്റിലെ ബയോ-ഡൈജസ്റ്റീവ് സംവിധാനതിന്റെ തകർച്ചയ്ക്ക് അത് കാരണമാകുന്നതാണെന്നും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയതിനാൽ, മേൽ കാരണങ്ങൾ പരിഗണിച്ച് പൊന്നാനി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാൻ്റിൻ്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിന് വൈദ്യുതി ബന്ധം നിലനിർത്തുന്നതിനായി **4405-00-103-89-00-34-03 (PV)** എന്ന പുനർഗേഹം ശീർഷകത്തിൽ നിന്നും **₹1,76,003/-** (ഒരു ലക്ഷത്തി എഴുപത്തിയാറായിരത്തി മൂന്ന് രൂപ മാത്രം) വൈദ്യുതി ചാർജ്ജ് തുകയിനത്തിൽ അടക്കുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം **(3)** പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

**4)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനർഗേഹം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച പൊന്നാനി ഫ്ലാറ്റിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാൻ്റിൻ്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിന് വൈദ്യുതി ബന്ധം നിലനിർത്തുന്നതിനായി വൈദ്യുതി ചാർജ്ജിനത്തിൽ മുൻപ് അനുവദിച്ച **1,32,903.14/-** രൂപക്ക് (ഒരു ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി മൂന്ന് രൂപ പതിനാല് പൈസ മാത്രം) പുറമെ പുനർഗേഹം പദ്ധതിയുടെ നിർവ്വഹണ ശീർഷകമായ **4405-00-103-89-00-34-03 (PV )**ൽ നിന്നും **₹1,76,003/-** രൂപ (ഒരു ലക്ഷത്തി എഴുപത്തിയാറായിരത്തി മൂന്ന് രൂപ മാത്രം) കൂടി അടയ്ക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.

ധനകാര്യ (ഡബ്ല്യുസിഡി) വകുപ്പ് (3471821/WCD-2/130/2026-FIN തീയതി 03/07/2026 പ്രകാരം)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി2/99/2026/മതുവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha Shiju
Date: 04-07-2026 14:00:29